# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.10.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ജനാധിപത്യത്തിന്റെ മാതാവാണ് ഇന്ത്യയെന്നും, ഡിജിറ്റൽ കരുത്ത് രാജ്യത്തിന് മുന്നിൽ വൻ അവസരങ്ങൾ തുറന്നുനൽകുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi said that India is the mother of democracy and that the country's digital strength is opening up tremendous opportunities.**

2) ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ബിംസ്റ്റെക് ആഭ്യന്തര മന്ത്രിമാരുടെ ആദ്യ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി.

**The first-ever BIMSTEC Home Ministers' Meeting, hosted by India, began in New Delhi.**

3) ആരോഗ്യമേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. വയോജന ക്ഷേമ ബിൽ മുഖ്യമന്ത്രി വി.ഡി സതീശൻ സഭയിൽ അവതരിപ്പിച്ചു.

**The Opposition staged a walkout in the Kerala Legislative Assembly to protest the Speaker's refusal to grant permission to move an adjournment motion on the crisis in the health sector. Chief Minister V. D. Satheesan introduced the Senior Citizens' Welfare Bill in the House.**

4) രാജ്യത്തെ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 111 കോടി 41 ലക്ഷത്തിനു മുകളിൽ എത്തിയതായി ടെലികോം റെഗുലേ റ്ററി അതോറിറ്റി ഓഫ് ഇന്ത്യ.

**The Telecom Regulatory Authority of India reported that the number of internet subscribers in the country has crossed 111.41 crore**

5) നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ത്യയുടെ ജിഡിപി വളർച്ചാ നിരക്ക് 7 ശതമാനമായി ഉയർത്തി അന്താരാഷ്ട്ര നാണയ നിധി.

**The International Monetary Fund has raised India's GDP growth forecast for the current financial year to 7 per cent.**

6) കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**The India Meteorological Department has forecast the possibility of heavy rainfall accompanied by thunderstorms in Kerala.**

**&&&&&&&&&&&&&&&&&&&&&&&**

**HEADLINES-1**

**PM – ECONOMY FORUM (INTRO )**

*ഡിജിറ്റൽ കരുത്ത് ഇന്ത്യയ്ക്ക് മുന്നിൽ വൻ അവസരങ്ങൾ തുറന്നുനൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 'അധികാരം ജനശാക്തീകരണത്തിന് " എന്നതാണ് കേന്ദ്ര സർക്കാരിന്റെ ഭരണരീതിയുടെ അടിസ്ഥാന തത്വമെന്നും അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ ശക്തിപ്പെടുത്താനുള്ള ശേഷിയാണ് യഥാർത്ഥ അധികാരമെന്ന് വ്യക്തമാക്കിയ ശ്രീ മോദി സാങ്കേതികവിദ്യ, ഡാറ്റ, അറിവ്, നവീകരണം എന്നിവ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ*

*ശക്തിസ്രോതസ്സുകളാണെന്നും പറഞ്ഞു . ജനാധിപത്യത്തിന്റെ മാതാവാണ് ഇന്ത്യയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.*

*( വോയ്സ് )*

**&&&&&&&&&&&&&&&&**

## HEADLINES-2

**DAY BIMSTEC HOME MINISTER**

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ബിംസ്റ്റെക് ആഭ്യന്തര മന്ത്രിമാരുടെ ആദ്യ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ഭീകരവാദം, അതിർത്തി കടന്നുള്ള സംഘടിത കുറ്റകൃത്യങ്ങൾ, ലഹരിക്കടത്ത്, വിവരസാങ്കേതിക ഭീഷണികൾ, അനധികൃത സാമ്പത്തിക ഇടപാടുകൾ എന്നിവയ്ക്കെതിരെ ഒന്നിച്ചു പോരാടാനുള്ള അംഗരാജ്യങ്ങളുടെ നിശ്ചയദാർഢ്യമാണ് ഈ ചരിത്രപ്രധാനമായ യോഗം പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. പരസ്പര സഹകരണത്തിലൂടെ കൂടുതൽ സുരക്ഷിതവും ശക്തവുമായ ബിംസ്റ്റെക് മേഖല കെട്ടിപ്പടുക്കാൻ അംഗരാജ്യങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബംഗാൾ ഉൾക്കടൽ മേഖലയിലെ രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക-സാങ്കേതിക സഹകരണം ലക്ഷ്യമിട്ട് 1997-ൽ രൂപീകരിച്ച ബിംസ്റ്റെക് കൂട്ടായ്മയിൽ ഇന്ത്യയ്ക്ക് പുറമേ, ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നീ രാജ്യങ്ങൾ അംഗമാണ്.

**&&&&&&&&&&&&&&&&**

## HEADLINES-3

**ADJOURNMENT-KERALA ASSEMBLY (INTRO)**

*ആരോഗ്യമേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. മരുന്ന് ക്ഷാമം, ചികിത്സാ പിഴവ്, ആശുപത്രികളിലെ സൗകര്യക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷത്തുനിന്നും കെ വി സുമേഷ് ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. ആരോഗ്യവകുപ്പിന്റെ കാര്യക്ഷമത ഇല്ലായ്മ*

*കാരണം ജനങ്ങളുടെ ജീവൻ പോകുന്ന സാഹചര്യമാണെന്നും, പതിനായിരക്കണക്കിന് രോഗികൾക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി നൽകി വന്നിരുന്ന ജീവിത ശൈലി രോഗ മരുന്നുകൾ മുടങ്ങിയതായും പ്രതിപക്ഷം ചൂണ്ടിക്കാട്ടി. എന്നാൽ സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ കാര്യമായ ഒരു പ്രശ്നവും നിലവിൽ ഇല്ലെന്ന് മന്ത്രി കെ മുരളീധരൻ മറുപടി നൽകി. മരുന്ന് ക്ഷാമം അടിയന്തരമായി പരിഹരിച്ചതായും, നിലവിൽ സംസ്ഥാനത്ത് മരുന്നുകൾക്ക് ക്ഷാമമില്ലെന്നും അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ്- കെ മുരളീധരൻ)*

*ആരോഗ്യരംഗത്ത് ആത്മാർത്ഥമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് വേണമെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. സാധാരണക്കാരുടെ ആശ്രയമാണ് സർക്കാർ ആശുപത്രികളെന്നും, അവിടെ ഗർഭിണികൾക്കും കുട്ടികൾക്കും ഉൾപ്പെടെ ആരോഗ്യ സേവനം നിഷേധിക്കപ്പെടുന്നതായും അദ്ദേഹം വിമർശിച്ചു.*

*(ഹോൾഡ് -പിണറായി വിജയൻ )*

*വയോജന ക്ഷേമ ബിൽ മുഖ്യമന്ത്രി വി.ഡി സതീശൻ സഭയിൽ അവതരിപ്പിച്ചു.*

**&&&&&&&&&&&&&&&&**

## HEADLINES-4

### TRAI-INTERNET SUBSCRIBERS

രാജ്യത്തെ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം ജൂൺ മാസത്തോടെ 111 കോടി 41 ലക്ഷത്തിനു മുകളിൽ എത്തിയതായി ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ. ഈ വർഷം മാർച്ചിൽ ഇത് 109 കോടി 28 ലക്ഷമായിരുന്നു. ഇന്റർനെറ്റ് വരിക്കാരിൽ നാല് കോടി 77 ലക്ഷത്തിലധികം പേർ വയേർഡ് ഇന്റർനെറ്റ് ആണ് ഉപയോഗിക്കുന്നത്. 106 കോടി 64 ലക്ഷം പേർ വയർലെസ് ഇന്റർനെറ്റ് വരിക്കാരാണ്. രാജ്യത്തെ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലും മാർച്ച് മാസത്തെ അപേക്ഷിച്ച്, ജൂൺ അവസാനത്തോടെ ഒരു കോടിയുടെ വർധനയുണ്ടായതായി റിപ്പോർട്ട് വ്യക്തമാക്കുന്നു.

**&&&&&&&&&&&&&&&&**

## HEADLINES-5

## IMF-INDIA GROWTH

2026-27 സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ ജിഡിപി വളർച്ചാ സാധ്യത 6.4 ശതമാനത്തിൽ നിന്ന് 7 ശതമാനമായി ഉയർത്തി അന്താരാഷ്ട്ര നാണയ നിധി. പ്രതീക്ഷിച്ചതിലും മികച്ച സാമ്പത്തിക മുന്നേറ്റമാണ് ഇതിന് കാരണമെന്ന് 'വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്കിൽ' ഐഎംഎഫ് വ്യക്തമാക്കി. നടപ്പ് സാമ്പത്തിക വർഷത്തെ ജിഡിപി വളർച്ചാ അനുമാനം 7.1 ശതമാനമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഉയർത്തിയതിന് പിന്നാലെയാണ് ഐഎംഎഫ് നടപടി.

&&&&&&&&&&&&&&&&

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

&&&&&&&&&&&&&&&&

## GOVERNOR APPOINTMENT

ആറ് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. സിക്കിം ഗവർണർ ഓം പ്രകാശ് മാത്തൂർ കേരളത്തിന്റെ പുതിയ ഗവർണറാകും. കേരള ഗവർണറായിരുന്ന രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിനെ തമിഴ്നാടിന്റെ ഗവർണറായി നിയമിച്ചു. ദുഷ്യന്ത് ഗൗതമിനെ സിക്കിം ഗവർണറായും, ഒഡീഷ ഗവർണറായി ബ്രജ് മോഹൻ റാമിനെയും, കർണാടക ഗവർണറായി സുധ യാദവിനെയും, ഉത്തരാഖണ്ഡ് ഗവർണറായി ധാൽ സിംഗ് ബിസെനെയും നിയമിച്ചു.

&&&&&&&&&&&&&&&&

## PM 25 YEARS - NALANDA

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. പുരാതന ഭാരതത്തിലെ അറിവിന്റെ പ്രതീകമായ നളന്ദ സർവകലാശാലയുടെ പുനരുജ്ജീവനത്തെക്കുറിച്ചാണ് 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. നളന്ദ

കേവലം ഒരു സർവകലാശാല എന്നതിലുപരി നിരന്തര വിജ്ഞാന പ്രവാഹത്തിന്റെ പ്രതീകം കൂടിയാണ്. 1,600 വർഷങ്ങൾക്കിപ്പുറം, പുതിയ നളന്ദ സർവകലാശാല, വിദ്യാഭ്യാസം, സേവനം, വികസനം എന്നിവ ഒത്തുചേരുന്ന ആധുനിക ഇന്ത്യയുടെ കാഴ്ചപ്പാടിനെ മുന്നോട്ട് നയിക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെയും സേവനത്തിന്റെയും വികസനത്തിന്റെയും കേന്ദ്രമായാണ് നളന്ദ സർവ്വകലാശാല ഈ കാലഘട്ടത്തിൽ നിലകൊള്ളുന്നത്.

**&&&&&&&&&&&&&&&&**

**<u>DELHI POLICE – CJP</u>**

സി.ജെ.പി. നേതാക്കളായ സൗരവ് ദാസ്, അശുതോഷ് റാങ്ക എന്നിവരെ കസ്റ്റഡിയിലെടുത്ത് ഡൽഹി പോലീസ് . ജന്തർ മന്തറിലേക്ക് അനുമതിയില്ലാതെ പ്രവേശിക്കാൻ ശ്രമിച്ചതിനെ തുടർന്നാണ് നടപടി. പ്രതിഷേധങ്ങൾക്കുള്ള സ്ഥലങ്ങളിൽ നിന്നും ജന്തർ മന്തറിനെ ഇന്നലെ ഡൽഹി പോലീസ് ഒഴിവാക്കിയിരുന്നു. രാംലീല മൈതാനം, ബുരാരി മൈതാനം, കിഴക്കൻ ഡൽഹിയിലെ CBD മൈതാനം എന്നിവയാണ് പ്രതിഷേധങ്ങൾക്കായി അനുവദിച്ചിട്ടുള്ള മൂന്ന് സ്ഥലങ്ങൾ.

**&&&&&&&&&&&&&&&&**

**<u>SABARIMALA (INTRO)</u>**

***<u>ശബരിമല ദർശനത്തിനിടെ നഷ്ടപ്പെടുന്ന ഫോണുകൾ വീണ്ടെടുത്ത് നൽകാൻ സംവിധാനമൊരുക്കി പമ്പ പോലീസ്. കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലം മുതൽ ഇതുവരെ 230 ഫോണുകളാണ് ഉടമകൾക്ക് തിരികെ നൽകിയത്.</u>***

***<u>വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.....</u>***

***<u>(വോയിസ്)</u>***

**&&&&&&&&&&&&&&&&**

**<u>ECI SPECIAL CAMPS</u>**

അർഹരായ എല്ലാ പൗരന്മാരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രത്യേക ക്യാമ്പുകളും വോട്ടർ സഹായ പരിപാടികളും സംഘടിപ്പിക്കുന്നു. വോട്ടർമാർക്ക് പേര് രജിസ്റ്റർ ചെയ്യാനും വ്യക്തിഗത വിവരങ്ങൾ തിരുത്താനും സജീവമായ നടപടികളാണ് ഇതിലൂടെ സ്വീകരിച്ചുവരുന്നത്.

&&&&&&&&&&&&&&&&

## HEADLINES-6

### WEATHER

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. കേരളത്തിൽ തുലാവർഷം ഉടൻ എത്താൻ സാധ്യതയെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചിട്ടുണ്ട്. രണ്ട് ദിവസത്തിനുള്ളിൽ രാജ്യത്തെ ശേഷിക്കുന്ന ഭാഗങ്ങളിൽ നിന്നും കാലവർഷം പിൻവാങ്ങുമെന്നും, തെക്കേ ഇന്ത്യയിൽ അതോടൊപ്പം തുലാവർഷം ആരംഭിക്കുമെന്നുമാണ് കാലാവസ്ഥ വകുപ്പ് അറിയിച്ചത്.

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&